©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ആഗസ്റ്റ് 25<br>25th August 2020<br>1196 ചിങ്ങം 9<br>9th Chingam 1196<br>1942 ഭാദ്രം 3<br>3rd Bhadra 1942 | നമ്പർ<br>No. | 34 |

## PART IV

# Private Advertisements and Miscellaneous Notifications

## കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

### വിജ്ഞാപനം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിനായി ഇടുക്കി ജില്ലയിലെ നിലവിലുള്ള 66 കെ. വി. പീരുമേട് സബ്സ്റ്റേഷൻ 110 കെ. വി. ആയി ശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ മുണ്ടക്കയം സബ്സ്റ്റേഷനിൽ നിന്നും പീരുമേട് സബ്സ്റ്റേഷനിലേക്കുള്ള നിലവിലുള്ള പതിമൂന്നര കി. മീ. 66 കെ. വി. ലൈൻ, 110 കെ. വി. ആക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടത്തിവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഇലക്ട്രിസിറ്റി ആക്റ്റ് 2003-ലെ സെക്ഷനുകൾ 67, 68, 164, 185-2 (A), 1885-ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്റ്റ് സെക്ഷൻ 10,18 എന്നിവ പ്രകാരം വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട കരാറുകാരും തൊഴിലാളികളും അവരുടെ നിയമാനുസൃതമായ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സർവ്വേ സംബന്ധമായും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയും താഴെ കാണിച്ചിരിക്കുന്ന വില്ലേജുകളിലെ ലൈൻ കടന്നു പോകുന്ന സ്ഥലങ്ങളിൽ പ്രവേശിക്കുന്നതും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതു മാണെന്നുള്ള വിവരം ബന്ധപ്പെട്ട എല്ലാവരേയും ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

| ജില്ല | താലൂക്ക് | വില്ലേജ് |
|---|---|---|
| കോട്ടയം | കാഞ്ഞിരപ്പള്ളി | മുണ്ടക്കയം |
| ഇടുക്കി | പീരുമേട് | കൊക്കയാർ, പീരുമേട് |

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ട്രാൻസ്മിഷൻ ഡിവിഷൻ,
പൂവന്തുരുത്ത്.

### വിജ്ഞാപനം

ടി.ഡി.കെ. 1/2019-2020.2020 ഫെബ്രുവരി 26.

[ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റ്-2003-ലെ 164 വകുപ്പ് പ്രകാരം]

നിലവിലുള്ള 66 കെ. വി. കണിയാമ്പറ്റ-മാനന്തവാടി സിംഗിൾ സർക്യൂട്ട് ലൈനിന്റെ ശേഷി 110 കെ. വി. ഡബിൾ സർക്യൂട്ട് ആയി ഉയർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി എന്നീ താലൂക്കുകളിലെ മാനന്തവാടി, നല്ലൂർനാട്, ഇടവക, ചെറുകാട്ടൂർ, അഞ്ചുകുന്ന്, പനമരം, കണിയാമ്പറ്റ എന്നീ വില്ലേജുകളിലെ കണിയാമ്പറ്റ മുതൽ മാനന്തവാടി വരെയുള്ള സ്ഥലങ്ങളിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥരോ, ജീവനക്കാരോ, കരാറുകാരോ അവരുടെ ജോലി സംബന്ധമായി പ്രവേശിക്കുന്നതാണ്. പ്രസ്തുത ജോലി ചെയ്യുന്നതിൽ നിന്നും അവരെ തടസ്സപ്പെടുത്തുന്നത് നിയമ വിരുദ്ധമാണ് എന്ന് ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ട്രാൻസ്മിഷൻ ഡിവിഷൻ,
കണിയാമ്പറ്റ.